# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 462 — 27.09.2016-ൽ മറുപടിക്ക്

## സഹകരണ ബാങ്ക് വഴി ക്ഷേമപെൻഷൻ വിതരണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.ടി. വി. ഇബ്രാഹിം : | | ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി) | |
| (എ) | ഏതെല്ലാം ക്ഷേമപെൻഷനുകളാണ് സർക്കാർ ഇപ്പോൾ സഹകരണ ബാങ്കുകൾ വഴി വിതരണം ചെയ്തു വരുന്നത്; വിശദമാക്കാമോ; | (എ) | സഹകരണ ബാങ്കുകൾ വഴി സർക്കാർ വിതരണം ചെയ്യുന്ന പെൻഷനുകൾ ഇനി പറയുന്നവയാണ്.<br>1. ഇന്ദിരാഗാന്ധി നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം.<br>2. ഇന്ദിരാഗാന്ധി നാഷണൽ വിഡോ പെൻഷൻ സ്കീം.<br>3. ഇന്ദിരാഗാന്ധി നാഷണൽ ഡിസബിലിറ്റി പെൻഷൻ സ്കീം.<br>4. അഗ്രിക്കൾച്ചറൽ ലേബർ പെൻഷൻ.<br>5. 50 വയസിന് മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ. |
| (ബി) | സംസ്ഥാനത്ത് എത്ര സർവ്വീസ് സഹകരണ ബാങ്കുകളാണ് ഈ ചുമതല നിർവ്വഹിക്കുന്നത്; ഏതെങ്കിലും സഹകരണ ബാങ്ക് ചുമതല ഏറ്റെടുക്കാതെ നിൽക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | സംസ്ഥാനത്ത് ആകെ 1,488 സർവ്വീസ് സഹകരണ ബാങ്കുകൾ, 25 മറ്റ് സംഘങ്ങൾ, 18 ജില്ലാ സഹകരണ ബാങ്ക് ബ്രാഞ്ചുകൾ എന്നിങ്ങനെ ആകെ 1,531 ബാങ്കുകൾ/സംഘങ്ങൾ/ബ്രാഞ്ചുകൾ എന്നിവയാണ് ഈ ചുമതല നിർവ്വഹിക്കുന്നത്. ചുമതല ഏറ്റെടുക്കാത്ത ബാങ്കുകൾ/സംഘങ്ങൾ/ ഡി.സി.ബി ബ്രാഞ്ചുകൾ ഇല്ല. |

| | |
|---|---|
| (സി) ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിന് സഹകരണ ബാങ്ക് ജീവനക്കാർക്ക് എന്തെങ്കിലും പ്രതിഫലം നൽകുന്നുണ്ടോ; വിശദമാക്കാമോ? | (സി) ക്ഷേമപെൻഷനുകൾ വിതരണം ചെയ്യുന്നതിന് ഒരു പെൻഷനർക്ക് 50/- രൂപ എന്ന നിരക്കിൽ പ്രതിഫലം നൽകുന്നതിന് 23.08.2016-ലെ ജി.ഒ.(ആർ.ടി) നമ്പർ 6950/2016/ഫിൻ നമ്പർ ഉത്തരവും ഈ 50/- രൂപയിൽ 40/- രൂപ പെൻഷൻ വിതരണം ചെയ്യുന്ന ആളിനും, 10/- രൂപ തുക വിതരണം ചെയ്യുന്ന ബാങ്കിനുമായി നിശ്ചയിച്ചുകൊണ്ട് 30.08.2016 ലെ ജി.ഒ.(ആർ.ടി) നമ്പർ 7153/2016/ഫിൻ നമ്പർ ഉത്തരവും പുറപ്പെടുവിച്ചിട്ടുണ്ട്. തുക വിതരണം ചെയ്യുന്ന ബാങ്കിനു നൽകുന്ന 10/- രൂപ താഴെ പറയും പ്രകാരമാണ് നൽകുന്നത്.<br><br>1. സംഘത്തിലെ നോഡൽ ആഫീസർ - ഒരു രൂപ (പരമാവധി 6,000/- രൂപ)<br>2. സംഘത്തിലെ ഓതറൈസർ - ഒരു രൂപ (പരമാവധി 6,000/- രൂപ)<br>3. സംഘത്തിലെ ക്ലർക്ക് - 2/-. രൂപ (പരമാവധി 6,000/- രൂപ)<br>4. സംഘത്തിന് - 6/- രൂപ (പരിധി ഇല്ല)<br><br>കൂടാതെ പെൻഷൻ വിതരണത്തിനു വേണ്ടി പ്രവർത്തിച്ച ജില്ലാ ബാങ്ക് ജീവനക്കാർക്ക് ബാങ്കിന്റെ സ്വന്തം ഫണ്ടിൽ നിന്നും ഇനി പറയും പ്രകാരം പ്രതിഫലം നൽകുന്നതിന് രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ട്.<br><br>1. നോഡൽ ഓഫീസർ - 6,000/- രൂപ<br>2. ഓതറൈസർ - 3,000/- രൂപ<br>3. ക്ലർക്ക് - 5,000/- രൂപ. |

സെക്ഷൻ ഓഫീസർ